**No. CEE/810/LLM-2020/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എൽ.എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം – 2020

## അപേക്ഷകർക്ക് പ്രൊഫൈൽ പരിശോധിക്കാനുള്ള അവസാന അവസരം

2019-20 അധ്യയന വർഷത്തെ എൽ.എൽ.എം കോഴ്സ് പ്രവേശന പരീക്ഷ 18.10.2020 ന് നടത്തുന്നതാണ്. പ്രവേശനത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ഒരിക്കൽ കൂടി സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് അവരുടെ പേര്, ജനന തീയതി, നേറ്റിവിറ്റി, സാമുദായിക സംവരണം,ഫീസ്, ഫോട്ടോ, ഒപ്പ് തുടങ്ങിയ വിവരങ്ങൾ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ **'മെമ്മോ'** ക്ലിക്ക് ചെയ്ത് അവ പരിഹരിക്കാവുന്നതാണ്. ഇതിനായുള്ള അവസരം **05.10.2020** വൈകുന്നേരം **4.00** മണി വരെ ലഭ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനായി നേരിട്ടോ, ഇ–മെയിൽ മുഖേനയോ, തപാൽ മുഖേനയോ ലഭിക്കുന്ന രേഖകളും പരാതികളും ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Helpline number : 0471 - 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**01.10.2020**